"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ഇടുക്കി ജില്ല - കൊച്ചി ധനുഷ്ക്കോടി ദേശീയപാതയിൽ 25.10.2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് ഇടതുകാൽ പൂർണമായും മുറിച്ച മാറ്റപ്പെട്ട ശ്രീമതി. സന്ധ്യമോൾ ബിജുവിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ് - എ) വകുപ്പ്**

**സ.ഉ.(കൈ) നം.70/2026/RD തീയതി,തിരുവനന്തപുരം, 13-02-2026**

---

പരാമർശം:- ശ്രീമതി.സന്ധ്യ മോൾ ബിജു ബഹു.മുഖ്യമന്ത്രിയ്ക്ക് 23/12/2025-ൽ സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

കൊച്ചി ധനുഷ്ക്കോടി ദേശീയപാതയിൽ 25.10.2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ ഗുരുതരമായി പരിക്കേറ്റ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ മന്നാങ്കണ്ടം അടിമാലി വില്ലേജിൽ അടിമാലി കരയിൽ നെടുമ്പിള്ളിക്കുടിയിൽ വീട്ടിൽ ശ്രീമതി സന്ധ്യമോൾ ബിജു ചികിത്സാ ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപകടത്തിൽ ടിയാന് ഭർത്താവിനെ നഷ്ടപ്പെടുകയും, ഗുരുതരമായി പരിക്കേറ്റ ടിയാന്റെ ഇടതുകാൽ പൂർണമായും മുറിച്ച മാറ്റപ്പെടുകയുമുണ്ടായി. ഒരു വർഷം മുമ്പ് ടിയാന്റെ ഒരു കുട്ടി കാൻസർ വന്നു മരണപ്പെട്ടു പോയെന്നും അതിന്റെ സാമ്പത്തിക ബാധ്യതയിലായിരിക്കുമ്പോഴാണ് ഇത്തരത്തിലൊരു അപകടം സംഭവിച്ചതെന്നും നഴ്സിംഗ് വിദ്യാർത്ഥിയായ മറ്റൊരു മകളും പ്രായമായ അച്ഛനും അമ്മയുമടങ്ങുന്ന കുടുംബത്തിന്റെ നിത്യവൃത്തിയ്ക്ക് തന്നെ നിവൃത്തിയില്ലാത്ത സാഹചര്യത്തിലാണെന്നും, ഇപ്പോഴും ചികിത്സയിൽ തുടരുന്ന തനിക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്നുമാണ് ശ്രീമതി സന്ധ്യമോൾ ബിജു ആവശ്യപ്പെട്ടിരിക്കുന്നത്. ഗുരുതരമായി പരിക്കേറ്റ് ആലുവ രാജഗിരി ആശുപത്രിയിൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിദഗ്ധ ചികിത്സയ്ക്ക് വിധേയയായ ശ്രീമതി. സന്ധ്യമോൾ ബിജുവിന് 11,15,003/- രൂപയോളം ചികിത്സയിനത്തിൽ ചെലവായിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി ധനുഷ്ക്കോടി ദേശീയപാതയിൽ 25.10.2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ ഭർത്താവിനെ നഷ്ടപ്പെടുകയും ഇടതുകാൽ പൂർണമായും മുറിച്ച മാറ്റപ്പെടുകയും ചെയ്ത ശ്രീമതി. സന്ധ്യമോൾ ബിജുവിന്റെ നിലവിലെ സാമ്പത്തികസ്ഥിതിയും കുടുംബത്തിന്റെ പിന്നാക്ക അവസ്ഥയും പരിഗണിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 5,00,000/-രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) പ്രസ്തുത ഇനത്തിൽ വിതരണത്തിന് ആവശ്യമായി വരുന്ന 5,00,000/-രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP.80 നമ്പർ അക്കൗണ്ടിൽ നിന്നും ഇടുക്കി

ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ജില്ലാ കളക്ടർ, ഇടുക്കി.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
പൊതുഭരണ എസ് സി വകുപ്പ് (11.02.2026-ലെ മന്ത്രിസഭാ യോഗതീരുമാനം ഇനം.3670)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്(ഗവ. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Maheswari A
Date: 14-02-2026 21:06:30
സെക്ഷൻ ഓഫീസർ

**പകർപ്പ്:-**ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്